**K17U 0973**

Reg. No.: ..............................

Name : ..................................

**II Semester B.A./B.Sc. Degree (CBCSS – Reg./Supple./Imp.) Examination, May 2017**
**COMMON COURSE IN MALAYALAM**
**2A 08 MAL : Gadya Roopangal**
**(2014-15 Admns.)**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1) "മുകളിലുദ്ധരിച്ചതുപോലുള്ള അത്രയധികം പദ്യങ്ങൾ അതിലേക്കുള്ള രണ്ടാം തെളിവു മാത്രമാണ് ". മാരാർ തെളിവു നൽകുന്നതെന്തിന് ? ചർച്ച ചെയ്യുക.

2) സി. എൻ. ശ്രീകണ്ഠൻ നായരുടെ 'ലങ്കാലക്ഷ്മി'യുടെ രചനാപരമായ പ്രത്യേകതകൾ സംഗ്രഹിക്കുക.

3) പാരിസ്ഥിതിക വിഷയങ്ങൾ നോവലിന്റെ ആഖ്യാനകലയിൽ വിജയം കണ്ടതിന്റെ ഫലമാണ്. 'എന്മകജെ' എന്ന നോവൽ – ചർച്ച ചെയ്യുക.

4) മാനവികതയുടെ തെളിമയുള്ള ആൾരൂപമാണ് 'ഡോ. വി. പി. ഗംഗാധരൻ' – പരിശോധിക്കുക. (2×7=14)

II. **നൂറ്റമ്പതു** വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

5) "എന്തു നമ്മെക്കുറിച്ചോർത്തി, –
തെന്തൊരിഷ്ടം വരിച്ചുവോ,
അതിപ്പോഴേ ഫലപ്പെട്ടു
കൈകേയിക്കാശു ലക്ഷ്മണ !" – വിശദീകരിക്കുക.

6) ലങ്കാലക്ഷ്മിയിലെ 'സുപാർശ്വൻ' എന്ന കഥാപാത്രത്തിന്റെ നിലപാട് വിശദീകരിക്കുക.

7) എന്മകജെ എന്ന നോവലിലെ കഥാപാത്രങ്ങൾ സൂചിപ്പിക്കുന്ന സാമൂഹികതലം വിശദീകരിക്കുക.

8) "ശാസ്ത്രത്തെ വെല്ലുവിളിക്കുന്ന പലതരം കാൻസറും ഞാൻ ചികിത്സിച്ചു ഭേദമാക്കിയിട്ടുണ്ട്. പക്ഷേ ഈ കാൻസറിനുള്ള ചികിത്സ എനിക്കു വശമില്ല." ഏതാണാ കാൻസർ ? സന്ദർഭം വിശദീകരിക്കുക.

P.T.O.

9) "എന്റെ ചേച്ചിയാണ്. ഗുജറാത്തിലായിരുന്നു. അവിടെവെച്ചാണ് ഡയഗ്നോസ് ചെയ്തത്" – അവരുടെ അവസ്ഥ വിശദീകരിക്കുക.

10) "നായകന്റെ ചിത്തശുദ്ധി അനുയായികളുടെ ശക്തിയാണ്" – വിശദീകരിക്കുക.

(4×3=12)

III. നൂറു വാക്കിൽ കവിയാതെ **ആറു** ചോദ്യങ്ങളിൽ **നാലെണ്ണത്തിന്** ഉത്തരമെഴുതുക.

11) "വികാസത്തിന്റേയും വിനാശത്തിന്റേയും ബീജം ഒന്നുതന്നെയാണല്ലോ" – സന്ദർഭം വിശദീകരിക്കുക.

12) "അച്ഛാ! ശത്രു കോട്ടയ്ക്കു വെളിയിൽ നിൽക്കുമ്പോൾ ഉറ്റവർ പിരിയുന്നതു സൂക്ഷിക്കണം" – ആരാണ് പിരിയുന്നത് ? വിശദീകരിക്കുക.

13) "ആ അന്തഃഛിദ്രമോ, സൂര്യവംശ രാജാക്കന്മാരുടെ മോലോച്ഛേദത്തിനുതന്നെ കാരണവുമായേക്കും'. എപ്പോൾ ? സന്ദർഭമെഴുതുക.

14) "എനിക്കൊന്നും ആലോചിക്കാനില്ല ഡോക്ടർ. എന്ത് ചെലവ് വന്നാലും ഞാൻ ദേവിയെ ചികിത്സിപ്പിക്കും" – ആരുടെ വാക്കുകൾ ? വിശദീകരിക്കുക.

15) 'എന്മകജെ'യിലെ ഭാഷാപരമായ പ്രത്യേകതകൾ കുറിക്കുക.

16) 'വെങ്കിടരാജു' എന്ന മനുഷ്യന്റെ പ്രത്യേകതകളെക്കുറിച്ച് കുറിപ്പെഴുതുക.

(4×2=8)

IV. ഒറ്റവാക്കിലോ വാക്യത്തിലോ ഏതെങ്കിലും **ആറ്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

17) 'കാഞ്ചനസീത' എന്ന കൃതി എഴുതിയതാര് ?

18) 'കൊമേഴ്സ്യൽ ബ്രേക്ക്' എന്ന കൃതി എഴുതിയതാര് ?

19) 'എനിക്ക് സ്വയം ഒരു തീരുമാനം എടുക്കാൻ വയ്യ' എന്ന് ഡോക്ടറോട് പറഞ്ഞതാര് ?

20) പ്രധാനമായും ഏത് വിഷലായനിയെയാണ് 'എന്മകജെ' വിമർശിക്കുന്നത് ?

21) മാരാർ മഹാഭാരതത്തെ ആസ്പദമാക്കി രചിച്ച കൃതിയേത് ?

22) 'എന്നെബ്ബന്ധിച്ചയോധ്യേശ –
നാക നീ തന്നെ രാഘവ !' – എന്ന് പറയുന്നതാര് ?

23) 'താരയുടെ മകനേ ഇതു ചെയ്യാൻ കഴിയൂ'. താരയുടെ മകൻ ആര് ?

24) "ഞാൻ ഈ പീഠത്തിൽ ഇരിക്കുന്നില്ല. ഇതു നിനക്കു മാത്രമുള്ളതാണ്" – ആരാണിങ്ങനെ പറയുന്നത് ?

(6×1=6)

---